# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി2/947/2015 ചാക്ക, തിരുവനന്തപുരം

തീയതി: 28/05/2015

## വിജ്ഞാപനം

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്-അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ്-സെമസ്റ്റർ സമ്പ്രദായം-ജൂലൈ 2015-പ്രൈവറ്റായി (എസ്.സി.വി.റ്റി പാസ്സായ) രണ്ടാം സെമസ്റ്റർ (MIS PORTAL മുഖേന) പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നത്-സംബന്ധിച്ച്

2015 ജൂലൈയിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ (MIS PORTAL മുഖേന) പ്രൈവറ്റായി (എസ്.സി.വി.റ്റി പാസ്സായ ട്രെയിനികളിൽ നിന്നും) ട്രേഡ് ടെസ്റ്റ് എഴുതുന്നതിന് താഴെ പറയുന്ന വിഭാഗത്തിൽപ്പെടുന്നവരും നിർദ്ദിഷ്ഠ യോഗ്യതകൾ ഉള്ളവരുമായ അപേക്ഷകർ **10.06.2015 വൈകുന്നേരം 3 മണിക്ക്** മുൻപായി ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

### I. അപേക്ഷകന് വേണ്ട യോഗ്യതകൾ

1. ജനുവരി 2015 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്തവർ ആയിരിക്കണം
2. എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് പൂർണ്ണമായും പാസ്സായി എസ്.റ്റി.സി. നേടിയ ട്രെയിനികളോ എസ്.സി.വി.റ്റി. രണ്ടാം സെമസ്റ്റർ പരീക്ഷ പാസ്സായ ട്രെയിനികളോ ആയിരിക്കണം

### II അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. അടിസ്ഥാന യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കേറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
2. എസ്.സി.വി.റ്റി. പൂർണ്ണമായി പാസ്സായി ലഭിച്ച എസ്.റ്റി.സി. യുടെ പകർപ്പ് അല്ലെങ്കിൽ എസ്.സി.വി.റ്റി. രണ്ടാം സെമസ്റ്റർ പാസ്സായിട്ടുണ്ട് എന്ന്

തെളിയിക്കുന്ന പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം (ഫോർമാറ്റ് 1), പരീക്ഷ പാസ്സായ ഹാൾ ടിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

3. ജനുവരി 2015 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത് ലഭിച്ച മാർക്ക് ഷീറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

## III. പൊതുവായ നിർദ്ദേശങ്ങൾ

1. 2015 ജനുവരി മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ പരീക്ഷയിൽ (MIS PORTAL മുഖേന) പങ്കെടുത്ത് മാർക്ക് ഷീറ്റ് ലഭിച്ച അപേക്ഷകർക്ക് മാത്രമേ രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളു.

2. ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷിച്ച ട്രേഡിനാണ് രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടത്.

3. എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് പൂർണ്ണമായും പാസ്സായി എസ്.റ്റി.സി. നേടിയ ട്രെയിനികളോ എസ്.സി.വി.റ്റി. രണ്ടാം സെമസ്റ്റർ പരീക്ഷ പാസ്സായ ട്രെയിനികളോ ആണ് അപേക്ഷിക്കേണ്ടത്

4. MIS PORTAL മുഖേനയാണ് അപേക്ഷകൾ സമർപ്പിക്കേണ്ട സാഹചര്യത്തിൽ ജനുവരി 2015 ൽ നടത്തിയ ഒന്നാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് അപേക്ഷ സമർപ്പിച്ച ഐ.ടി.ഐ. മുഖാന്തിരമല്ല ട്രെയിനികൾക്ക് ഹാൾ ടിക്കറ്റ് ലഭിച്ചിരുന്നത്. പകരം അവർ പഠിക്കുന്ന ട്രേഡുകൾക്ക് എൻ.സി.വി.റ്റി അംഗീകാരം നേടിയ സമീപത്തുള്ള ഐ.ടി.ഐ. കളിൽ നിന്നുമാണ്. രണ്ടാം സെമസ്റ്റർ പരീക്ഷകൾക്കും ഹാൾ ടിക്കറ്റ് ലഭിക്കുന്നത് ഒന്നാം സെമസ്റ്ററിന് ഹാൾ ടിക്കറ്റ് ലഭിച്ച അതേ ഐ.ടി.ഐ. കളിൽ നിന്നുമാണ്. ആയതിനാൽ താഴെ പറയുന്ന നിർദ്ദേശ പ്രകാരമാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

    - അപേക്ഷകൾ തയ്യാറാക്കി ട്രെയിനികൾ അവർ പഠിക്കുന്ന ഐ.ടി.ഐ. പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതും അപേക്ഷയിലെ ഫോർമാറ്റിൽ ശുപാർശ രേഖപ്പെടുത്തി വാങ്ങേണ്ടതുമാണ്.
    - ഇപ്രകാരം ശുപാർശ ചെയ്ത് വാങ്ങുന്ന അപേക്ഷകൾ ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് ഹാൾ ടിക്കറ്റ് ലഭിച്ച് ഐ.ടി.ഐ. യിലെ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

5. ഓരോ ട്രേഡിലെയും രണ്ടാം സെമസ്റ്റർ പരീക്ഷയുടെ സിലബസ്സും മറ്റ് വിവരങ്ങളും www.dget.nic എന്ന വെബ്സൈറ്റിലും CSTARI വെബ്സൈറ്റിലും ലഭ്യമാണ്.

6. അപേക്ഷ ഫീസായി ആയിരം രൂപ (1000/-) " 0230-ലേബർ ആൻറ് എം പ്ലോയ്മെൻറ്- 00-800-അദർ റസീപ്റ്റ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കിയതിൻെറ അസ്സൽ ചെലാൻ അപേക്ഷയോടൊപ്പം ഹാജരാക്കണം

7. ഒരിക്കൽ അടച്ച പരീക്ഷ ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുകയോ വേറെ ഏതെങ്കിലും രീതിയിൽ ക്രമീകരിക്കുകയോ ചെയ്യുന്നതല്ല.

8. സെമസ്റ്റർ പരീക്ഷകൾ ഒ.എം.ആർ. മാതൃകയിലാണ് ഡി.ജി.ഇ.റ്റി. നടത്തി വരുന്നത്. ടി ഒ.എം.ആർ. ഷീറ്റുകൾ പ്രിൻറ് ചെയ്യുന്നതിനും പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും പരീക്ഷ കഴിഞ്ഞ ശേഷം തിരികെ കൊണ്ടുപോയി മൂല്യ നിർണ്ണയം നടത്തുന്നതിനും വേണ്ടി വരുന്ന ചിലവുകൾക്കായി ഒരു ട്രെയിനിയിൽ നിന്നും 75/- രൂപ ക്രമത്തിൽ ഫീസായി ഈടാക്കി ഡിമാൻറ് ഡ്രാഫ്റ്റ് മുഖേന ഹാൾ ടിക്കറ്റ് വിതരണത്തിന് മുൻപായി ഡി.ജി.ഇ.റ്റി. യിൽ നൽകണമെന്ന് 13/11/2014 തീയതിയിലെ DGET-19(7)/2014-CD നമ്പർ കത്ത് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശ പ്രകാരം തുക ഫീസായി ട്രെയിനികളിൽ നിന്നും ശേഖരിക്കുന്നതിന് സർക്കാർ അനുമതിയും നൽകിയിട്ടുണ്ട്. ആയതിനാൽ ഹാൾ ടിക്കറ്റ് വിതരണത്തിന് മുൻപായി ടി 75/- രൂപ ഓരോ ട്രെയിനിയിൽ നിന്നും ഫീസആയി ശേഖരിക്കേണ്ടി വരുന്നതാണെന്ന് ട്രെയിനികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രസ്തുത ഫീസ് MIS PORTAL ലിൽ ഒടുക്കുന്നതിന് സജ്ജീകരണം ചെയ്തിട്ടുണ്ടിൽ ആയത് പ്രകാരം ടി ഫീസ് ഒടുക്കേണ്ടതാണ്. അല്ലായെങ്കിൽ ഇതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പാൾ മാർ സ്വീകരിക്കേണ്ട മേൽ നടപടിക്രമങ്ങൾ ഡയറക്ടറേറ്റിൽ നിന്ന് അറിയിക്കുന്നതായിരിക്കും.

9. 18/12/20114 തീയതിയിലെ DGET-18011/06/Sem/2014-TTC നമ്പർ കത്ത് പ്രകാരം അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (സെമസ്റ്റർ) പരീക്ഷകൾക്ക് നെഗറ്റീവ് മാർക്ക് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളതായി ഡി.ജി.ഇ.റ്റി. അറിയിച്ചിട്ടുണ്ട്.

10. പ്രാക്ടിക്കൽ പരീക്ഷയിൽ മെഷീനുകളിൽ പ്രായോഗിക പരീക്ഷ ചെയ്യേണ്ടവർ പരീക്ഷയ്ക്ക് മുൻപായി നൂറ് രൂപ (100/-) അതാത് ഐ.ടി.ഐ. പ്രിൻസിപ്പാൾ മാരിൽ ജാമ്യ നിക്ഷേപം അടയ്ക്കേണ്ടതും, പ്രാക്ടിക്കൽ പരീക്ഷ കഴിഞ്ഞതിന് ശേഷം ബാദ്ധ്യതയൊന്നും ഇല്ലായെന്ന് കണ്ടാൽ ടി ജാമ്യ തുക മടക്കി നൽകുന്നതുമാണ്.

11. അപേക്ഷകൾ തയ്യാറാക്കി ട്രെയിനികൾ അവർ പഠിക്കുന്ന ഐ.ടി.ഐ. യിലെ പ്രിൻസിപ്പാൾ മുൻപാകെയാണ് സമർപ്പിക്കുന്നത്.ടി പ്രിൻസിപ്പാൾ മാരാണ് ഒന്നാം ഘട്ട പരിശോധന നടത്തേണ്ടത്. വിജ്ഞാപന പ്രകാരമുള്ള യോഗ്യത ഇല്ലാത്ത

അപേക്ഷകൾ , അപേക്ഷകൻെറ ഒപ്പ് ഇല്ലാത്ത അപേക്ഷകൾ, ബന്ധപ്പെട്ട രേഖകൾ ഉള്ളടക്കം ചെയ്യാത്ത അപേക്ഷകൾ തുടങ്ങിയവ ഐ.ടി.ഐ. തലത്തിൽ തന്നെ നിരസ്സിക്കേണ്ടതാണ്. ശുപാർശ ചെയ്യുന്ന അപേക്ഷകളിൽ ടി പ്രിൻസിപ്പാൾ മാർ ശുപാർശ രേഖപ്പെടുത്തി ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് ഹാൾ ടിക്കറ്റ് ലഭിച്ച ഐ.ടി.ഐ. പ്രിൻസിപ്പാൾ മുൻപാകെ സമർപ്പിക്കുവാൻ ട്രെയിനികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

12. ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് ഹാൾ ടിക്കറ്റുകൾ വിതരണം നടത്തിയ പ്രിൻസിപ്പാൾ ട്രെയിനികൾ ഹാജരാക്കുന്ന അപേക്ഷകൾ താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശ പ്രകാരം സൂക്ഷ്മമായി പരിശോധിച്ച് സ്വീകരിക്കേണ്ടതാണ്.

- ഹാജരാക്കുന്ന അപേക്ഷയിൽ ട്രെയിനികൾ പഠിക്കുന്ന ഐ.ടി.ഐ. പ്രിൻസിപ്പാൾ ശുപാർശ ചെയ്തിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.
- ഹാജരാക്കുന്ന അപേക്ഷകളിൽ ട്രെയിനിയുടെ ഒപ്പ്, നിശ്ചിത ഫീസ് ഒടുക്കിയ ചെലാൻ, വിജ്ഞാപന പ്രകാരം ഉള്ളടക്കം ചെയ്യേണ്ട രേഖകൾ, തുടങ്ങിയവ ഉറപ്പാക്കേണ്ടതാണ്
- MIS PORTAL മുഖേന വിവരങ്ങൾ രേഖപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ടി ട്രെയിനികളുടെ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്

13. ഇപ്രകാരം സ്വീകരിക്കുന്ന അപേക്ഷകൾ ഭദ്രമായി സൂക്ഷിക്കേണ്ടതും ഒരോ ഐ.ടി.ഐ. യിൽ നിന്നും അപേക്ഷകൾ സ്വീകരിച്ചതിൻെറ വിവരം അനുബന്ധം 1 പ്രകാരം പരീക്ഷാ സെക്ഷനിൽ **12.06.2015 ന് വൈകുന്നേരം 3.00 മണിക്ക്** മുൻപായി പ്രത്യേക ദൂതൻ മുഖാന്തിരം എത്തിക്കേണ്ടതാണ്. സൂക്ഷിക്കുന്ന അപേക്ഷകൾ ഡയറക്റ്ററേറ്റിൽ നിന്ന് ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്

14. ട്രേഡ് ടെസ്റ്റ് നടത്തുന്ന തീയതി, സമയം, പരീക്ഷാ കേന്ദ്രം, ഹാൾ ടിക്കറ്റ് വിതരണം തുടങ്ങിയ വിവരങ്ങൾ അപേക്ഷ സമർപ്പിച്ച ഐ.ടി.ഐ. പ്രിൻസിപ്പാൾ മാരിൽ നിന്നും അറിയാൻ കഴിയുന്നതാണ്.,

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

**എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർക്കും**

കുറിപ്പ്:- അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട പ്രിൻസിപ്പാൾ മാർ നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതാണ്.

1. നിർദ്ദിഷ്ഠ മാതൃകയിലുള്ള അപേക്ഷാ ഫാറത്തിൻെറ രണ്ട് പകർപ്പ്
2. എസ്.സി.വി.റ്റി. പൂർണ്ണമായും പാസ്സായ ട്രെയിനിയാണെങ്കിൽ എസ്.റ്റി.സി. യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. എസ്.സി.വി.റ്റി. രണ്ടാം സെമസ്റ്റർ പാസ്സായ ട്രെയിനിയാണെങ്കിൽ പരീക്ഷ പാസ്സായ ഹാൾ ടിക്കറ്റിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
4. വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കേറ്റിൻെറ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
5. .ട്രെയിനികൾ പഠിക്കുന്ന ഐ.ടി.ഐ. യിലെ പ്രിൻസിപ്പാളിൻെറ ശുപാർശ
6. നിശ്ചിത ഫീസ് ഒടുക്കിയ ചെലാൻെറ അസ്സൽ
7. ജനുവരി 2015 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത് ലഭിച്ച മാർക്ക് ഷീറ്റിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

## APPLICATION FOR THE CANDIDATES WHO PASS THE 1ST SEMESTER SCVT TRADE TEST FOR APPEARING ALL INDIA TRADE TEST IIND SEMESTER AS PRIVATE CANDIDATES- JULY 2015

(Photo)

| | | | |
|---|---|---|---|
| 1. | Name (In Block letters) | : | |
| 2. | Name of Father | : | |
| 3. | Place and date of birth | : | |
| 4. | Address to which communications are to be sent (in block letters) with Pin code, Phone no: and e-mail ID: | : | |
| 5. | Permanent Address | : | |
| 6. | Educational Qualification *(Attested copy to be attached)* | : | |
| 7. | Religion & Caste. | | |
| 8. | Whether the Applicant passed 2nd Semester SCVT *(Certificate from Principal)*<br>If yes, Roll No:<br>Trade: | | |
| 9 | Whether the Applicant passed the SCVT Exam (Copy of STC enclosed)<br>Roll No:<br>Trade:<br>Month/Year of Trade Test | | |
| 10. | Name of Trade applied | : | |
| 11 | Fess Details | : | Chelan No.......... .....<br>Chelan Date:...............<br>Name of Treasury.............. |

Place:

Date: Signature of the applicant.

## In the Case of SCVT 1st Semester Passed

## Proforma-I

Certified that Shri/Smt.......................................................passed 1st Semester SCVT Trade Test held September 2014 in ....................Trade, His/ Her Roll No...............

Place: Signature

Date: (Office Seal) (Name & Designation of Principal)

*Recommendation of concerned ITI's Principals.*

I do hereby state that He/She...............passed 1st Semester SCVT Trade Test in ............trade held September/2014 and his/her Roll No............... Hence ***Recommended*** the application for considering to permit 1st Semester All India Trade Test conducted in January/2015 as private candidate in................trade

Place: Signature

Date: (Office Seal) (Name & Designation of Principal

## In the Case of SCVT Trade Test passed

## Proforma-II

Certified that Shri/Smt.......................................................passed SCVT Trade Test held ................ in ....................Trade, Roll No............... the STC No.................

Place: Signature

Date: (Office Seal) (Name & Designation of Principal)

*Recommendation of concerned ITI's Principals.*

I do hereby state that He/She...............passed SCVT Trade Test in ............trade held ....................trade test, he/she got STC No................ and his/ her Roll No. is ...............Hence ***Recommended*** to appear 1st Semester All India Trade Test as private candidate held in January2015

Place: Signature

Date: (Office Seal) (Name & Designation of Principal

## അനുബന്ധം 1

അപേക്ഷ സ്വീകരിക്കുന്ന ഐ.ടി.ഐ. യുടെ പേര്:

| ക്രമ നമ്പർ | അപേക്ഷ സമർപ്പിച്ച ട്രെയിനികൾ പഠിച്ചിരുന്ന/ പഠിക്കുന്ന ഐ.ടി.ഐയുടെ പേര് | ട്രേഡ് | ട്രെയിനിയുടെ പേര് | 2015 ൽ നടത്തിയ ഒന്നാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന്റെ റോൾ നമ്പർ |
|---|---|---|---|---|
| | | | | |

മുകളിൽ പറഞ്ഞിട്ടുള്ള ട്രെയിനികളുടെ അപേക്ഷകൾ വിജ്ഞാപനത്തിലെ നിർദ്ദേശപ്രകാരം പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടു.

അപേക്ഷ സ്വീകരിക്കുന്ന ഐ.ടി.ഐ.
പ്രിൻസിപ്പാളിന്റെ ഒപ്പ്
പേര്, ഔദ്യോഗിക മേൽവിലാസം

(ഓഫീസ് മുദ്ര)

എ-28.5.15